# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *351

24.06.2014- ൽ മറുപടിക്ക്

## സഹകരണ ബാങ്കുകളിലെ ജോലി സമയം

**ചോദ്യം**

**ശ്രീ. ഇ. ചന്ദ്രശേഖരൻ :**
**ശ്രീ. പി. തിലോത്തമൻ :**
**ശ്രീ. കെ. അജിത് :**
**ശ്രീ. ഇ.കെ. വിജയൻ :**

**ഉത്തരം**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) സഹകരണ ബാങ്കുകളിൽ ജോലി സമയം നിയമപ്രകാരം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) സഹകരണ ബാങ്കുകളിലെ ജോലി സമയം സംബന്ധിച്ച് കേരള സഹകരണ സംഘം നിയമത്തിലും ചട്ടത്തിലും വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ 16/02/1968 മുതൽ പ്രാബല്യത്തിലുള്ള സ്റ്റാഫ് റെഗുലേഷൻസ് പ്രകാരം എല്ലാ ജീവനക്കാരുടെയും സാധാരണ ജോലി സമയം രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെയും ശനിയാഴ്ച ദിവസം രാവിലെ 10 മണി മുതൽ വൈകിട്ട് 3 മണി വരെയുമാണ്. 30/09/1986 ലെ ജി.ഒ.(എം.എസ്)79/86/സഹ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ പുതുക്കി നിശ്ചയിച്ച സർവ്വീസ് റെഗുലേഷൻസ് പ്രകാരം ജീവനക്കാരുടെ ജോലി സമയം രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെയും ശനിയാഴ്ച ദിവസം രാവിലെ 10 മണി മുതൽ 2 മണി വരെയുമാണ്. എന്നാൽ അംഗങ്ങളുടെയും ഇടപാടുകാരുടെയും സൗകര്യാർത്ഥം പ്രഭാത-സായാഹ്ന ശാഖകൾ

പ്രവർത്തിക്കുന്ന ജില്ലാ ബാങ്കുകളിൽ ജീവനക്കാരുടെ ഒരാഴ്ചയിലെ ആകെ ജോലി സമയം 36½ മണിക്കൂർ എന്നത് വർദ്ധിക്കാത്തവിധം ബാങ്ക് ഭരണസമിതിയ്ക്ക്, അനുയോജ്യമായ രീതിയിൽ ജോലി സമയം നിശ്ചയിച്ച് നടപ്പാക്കുന്നതിനും വ്യവസ്ഥയുണ്ട്. മേൽ പ്രകാരമുള്ള ജോലി സമയ ക്ലിപ്തതയാണ് പ്രാഥമിക സഹകരണ ബാങ്കുകളിലും അവലംബിച്ച് വരുന്നത്.

ബി) ജോലി സമയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അംഗങ്ങൾക്കും ഇടപാടുകാരായ മറ്റു പൊതുജനങ്ങൾക്കും, സഹകാരികൾക്കും വളരെ വേഗത്തിൽ സംഘങ്ങൾ/ബാങ്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും, വായ്പ ലഭ്യമാക്കുന്നതിനും, സൗകര്യപ്രദമായി മറ്റ് ഇടപാടുകൾ നടത്തുന്നതിനും സാഹചര്യം സൃഷ്ടിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സഹകരണ സംഘം/ബാങ്കുകളിലെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകികൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സാധാരണ ജനവിഭാഗങ്ങൾ അവരുടെ സാമ്പത്തികാവശ്യങ്ങൾക്ക് കൂടുതൽ ആശ്രയിക്കുന്ന സഹകരണ മേഖല അവരുടെ ആവ

ശ്യങ്ങൾ നിറവേറ്റുന്നതിന് കൂടുതൽ സൗകര്യമേർപ്പെടുത്തുന്നതിനും, സഹകരണ മേഖലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും, കൊള്ളപ്പലിശക്കാരുടെ കടന്നുകയറ്റത്തെ ഒഴിവാക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തനം സാധാരണ പ്രവൃത്തി ദിനങ്ങൾക്കു പുറമേ ഞായറാഴ്ചകളിൽ രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകികൊണ്ടും സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പ്രകാരം സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തന സമയം വർദ്ധിപ്പിക്കുന്നതനുസരിച്ച് ജീവനക്കാരുടെ ജോലി സമയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(സി) ജോലി സമയം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് സഹകരണ ബാങ്ക് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

(സി) ജീവനക്കാരുടെ ജോലി സമയം വർദ്ധിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ ബാങ്ക് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതില്ല.

സെക്ഷൻ ഓഫീസർ